**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘം ജീവനക്കാർക്ക് ഇൻസന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത വകയിൽ സഹകരണ സംഘം ജീവനക്കാർക്ക് എത്ര മാസത്തെ ഇൻസെന്റീവ് നൽകാൻ ബാക്കിയുണ്ടെന്നും ആയത് എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ , മറ്റ് വായ്പ്പാ സംഘങ്ങൾ എന്നിവ മുഖേന 2021 നവംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത ഇനത്തിൽ നൽകേണ്ട ഇൻസെന്റീവ് കുടിശ്ശികയായിട്ടുണ്ട് . |
| (ബി) | കോവിഡ് കാല ധനസഹായ തുകയായ 1000/- രൂപ വീട്ടുകളിലെത്തിച്ച് നൽകിയ സഹകരണ സംഘം ജീവനക്കാർക്ക് ഇൻസെന്റീവ് നൽകാൻ ബാക്കിയുണ്ടോ എന്നും ഈ ഇൻസെന്റീവുകൾ എപ്പോൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട് .പരിശോധിച്ചുവരുന്നു . |
| (സി) | സഹകരണ സംഘങ്ങൾക്കും പെൻഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കും ധനസഹായം വീട്ടുകളിലെത്തിക്കുന്ന ജീവനക്കാർക്കും നിലവിൽ നൽകി വരുന്ന ഇൻസന്റീവ് തുകയായ 50 രൂപ എന്നത് 30 രൂപയാക്കി കുറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 5/1/2023 ലെ സ. ഉ (കൈ )നം.3/2023/ധന ഉത്തരവ് പ്രകാരം 2021 നവംബർ മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ , മറ്റ് വായ്പ്പാ സംഘങ്ങൾ എന്നിവയിലെ ജീവനക്കാർ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് 30 /- രൂപയായി പരിഷ്കരിച്ചിട്ടുണ്ട് . ഇതിൽ 25/-രൂപ ഏജന്റിനും 5/- രൂപ സംഘത്തിനും ലഭിക്കുന്നതാണ്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനു ശേഷമാണ് ഇൻസെന്റീവ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. |
| (ഡി) | എങ്കിൽ ആയതിനുള്ള കാരണം എന്താണ് എന്നും ആയത് എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നും നൽകാൻ ബാക്കിയുള്ള തുക എത്രയാണെന്നും കുടിശ്ശിക ഇൻസെന്റീവ് നൽകുന്നതിന് ഈ തീരുമാനം ബാധകമാണോ എന്നും വ്യക്തമാക്കാമോ? | (ഡി) | 5/1/2023 ലെ സ. ഉ (കൈ )നം.3/2023/ധന ഉത്തരവ് പ്രകാരം 2021 നവംബർ മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ , മറ്റ് വായ്പ്പാ സംഘങ്ങൾ എന്നിവയിലെ ജീവനക്കാർ മുഖേന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് 30 /- രൂപയായി പരിഷ്കരിച്ചിട്ടുണ്ട് . ഇതിൽ 25/-രൂപ ഏജന്റിനും 5/- രൂപ സംഘത്തിനും ലഭിക്കുന്നതാണ്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനു |

| | | | |
|---|---|---|---|
| | | | ശേഷമാണ് ഇൻസെന്റീവ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ